**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 232** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ബി.പി.എൽ കാർഡുകൾ ലഭ്യമാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീണ് ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ട ബി.പി.എൽ കാർഡുകളുടെ എണ്ണം വ്യക്തമാക്കാമോ; കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്ത് പുതുതായി എത്ര പേർക്ക് കൂടി കാർഡ് നൽകാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുൻഗണനാ വിഭാഗം റേഷൻ കാർഡുകളിൽ 5,94,209 എണ്ണം അന്ത്യോദയ അന്നയോജന (AAY) കാർഡുകളും 37,73,184 എണ്ണം Priority Household (PHH) കാർഡുകളുമാണ്.

നിലവിലുള്ള ഒഴിവുകൾ കണക്കിലെടുക്കുമ്പോൾ, മുൻഗണനാ മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്ന ഏകദേശം 70,000 കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.

**(ബി)** അടിസ്ഥാന സൗകര്യം മാത്രം ഉറപ്പാക്കിക്കൊണ്ട് നിർമ്മിച്ച വീടുകളുടെ വിസ്തീർണ്ണം 1000 സ്ക്വയർ ഫീറ്റിൽ ഒരടി പോലും കൂടിയാൽ ഓൺലൈനായി ആളുകൾക്ക് ബി.പി.എൽ കാർഡ് അപേക്ഷിക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്ത് നിലവിൽ മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ അനുവദിക്കുന്നത് Kerala Food Security Rules, 2018 -ലെ ഖണ്ഡിക 6-ൽ നിർദ്ദേശിച്ചിട്ടുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7-ൽ നിർദ്ദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയാണ്. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം 1000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കൂടുതൽ വീടുകളുള്ള കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നതല്ല.

**(സി)** രോഗികൾ ഉൾപ്പെടെയുള്ള ഇത്തരം ആളുകൾക്ക് ബി.പി.എൽ കാർഡ് ലഭ്യമാകുന്നതിന് വീടിന്റെ വിസ്തീർണ്ണത്തിൽ ചെറിയ തോതിലെങ്കിലും ഇളവ് അനുവദിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** Kerala Food Security Rules, 2018 പ്രകാരമാണ് സംസ്ഥാനത്ത് മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് മുൻഗണനാ റേഷൻ കാർഡുകൾ അനുവദിച്ചുവരുന്നത്. നിലവിലെ മാനദണ്ഡങ്ങളിലെ വീടിന്റെ വിസ്തീർണ്ണ പരിധി വർധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഗുരുതര രോഗബാധ മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കുടുംബങ്ങൾക്ക് പ്രത്യേക ഇളവ് അനുവദിച്ച് മുൻഗണനാ റേഷൻ കാർഡുകൾ നിലവിൽ നൽകിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**